# ടോഡി ബോർഡും നാളികേര-നീര ബോർഡും രൂപീകരിക്കും

തിരുവനന്തപുരം: നീര ഉത്പാദനം പ്രോത്സാഹിപ്പിക്കാൻ നാളികേര - നീരബോർഡും കള്ള് ചെത്ത് വ്യവസായം സംരക്ഷിക്കാൻ ടോഡി ബോർഡും രൂപീകരിക്കും. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇന്നലെ ചേർന്ന ഉന്നതതല യോഗമാണ് തീരുമാനമെടുത്തത്.

കൃഷി വകുപ്പിന്റെ പൂർണ നിയന്ത്രണത്തിലാകും നാളികേര -നീര ബോർഡ് പ്രവർത്തിക്കുക. എക്സൈസ് കമ്മീഷണർ ബോർഡിൽ മെമ്പറായിരിക്കും. ടാക്സസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ വരുന്ന ടോഡി ബോർഡിൽ ടാക്സസ് സെക്രട്ടറി ചെയർമാനും എക്സൈസ് കമ്മിഷണർ സി.ഇ.ഒ യുമായിരിക്കും. ടോഡി ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് ഒരു കോടിയും നീര ടാപ്പിംഗ് പരിശീലനം നൽകുന്ന ഏജൻസികൾക്ക് 1.2 കോടിയും അനുവദിക്കും. നാളികര വികസന ബോർഡിന് 1.0 കോടി നൽകും.

എക്സൈസ് -കൃഷി വകുപ്പുകൾ തമ്മിലുള്ള തർക്കമല്ല നീര ഉത്പാദനത്തിലെ പ്രതിസന്ധികൾക്ക് കാരണമായതെന്ന് മന്ത്രിമാരായ കെ.പി.മോഹനനും കെ.ബാബുവും പറഞ്ഞു. ലൈസൻസ് നൽകുന്നതിൽ പരമ്പരാഗത ചെത്തു തൊഴിലാളികൾക്കാവും മുൻഗണന നൽകുക. നീരക്കുവേണ്ടി എടുക്കുന്ന കള്ള് മൂന്നു മണിക്കൂർ കഴിഞ്ഞാൽ ലഹരി വസ്തുവായി മാറും. അത് ദുരുപയോഗം ചെയ്യാനും സാദ്ധ്യതയുണ്ട്. ലൈസൻസ് നൽകാനുള്ള ചുമതല എക്സൈസ് വകുപ്പിന് നൽകുന്നത് അതിനാലാണ്. എല്ലാ പഞ്ചായത്തുകളിലും നീര വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കും. വകുപ്പ് മന്ത്രിമാർക്ക് പുറമെ ചീഫ് സെക്രട്ടറി, ഫിനാൻസ് സെക്രട്ടറി, എക്സൈസ് കമ്മീഷണർ എന്നിവരും യോഗത്തിൽ പങ്കെടുത്തു.